പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2104 — 7.12.2015-ലെ മറുപടിക്ക്

## ജയിൽ വകുപ്പിനായുള്ള പദ്ധതികൾ

ചോദ്യം
ശ്രീ.സി.കൃഷ്ണൻ

മറുപടി
ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) 2013-14 വർഷത്തിലെ ബഡ്ജറ്റിൽ ജയിൽ വകുപ്പിനായി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്; | എ) കേരളത്തിലെ 16 ജയിലുകളിൽ ജലസംഭരണികൾ സ്ഥാപിക്കുക, ജയിലുകളിൽ തടവുകാർക്ക് തൊഴിൽ നൽകുന്നതിനായി വിവിധ പരിശീലന പരിപാടികൾ ആരംഭിക്കുക എന്നീ പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്. |
| ബി) ഒരോ പദ്ധതിക്കുമായി പ്രസ്തുത ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര; അനുവദിക്കപ്പെട്ട തുക എത്ര; അവശേഷിച്ച തുക എത്ര; വിശദാംശം നൽകുമോ; | ബി) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ തുക പ്രത്യേകമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ, 2013-14-ൽ 'ജയിലുകളുടെ നവീകരണം', 'തടവുകാരുടെ ക്ഷേമം' എന്നീ വാർഷിക പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ 2.50 കോടി രൂപ വീതം അനുവദിച്ചിരുന്നു. 'ജയിലുകളുടെ നവീകരണം' പദ്ധതിയ്ക്കായി അനുവദിച്ച 2.50 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചു. 'തടവുകാരുടെ ക്ഷേമം' പദ്ധതിയ്ക്ക് അനുവദിച്ച 2.50 കോടി രൂപയിൽ 2,46,37,779/- രൂപ ചെലവഴിച്ചു. ഈ പദ്ധതിയിൽ അവശേഷിച്ച തുക 3,62,221/- രൂപ ആണ്.<br>പ്രസ്തുത വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളും പരിപാടികളും നടപ്പിലാക്കിയത്. |
| സി) പ്രസ്തുത വർഷം പൂർത്തിയാക്കാനോ ലക്ഷ്യത്തിലെത്താൻ കഴിയാത്തതോ ആയ പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ; | സി) 16 ജയിലുകളിൽ ജലസംഭരണികൾ സ്ഥാപിക്കുക, തടവുകാർക്ക് തൊഴിൽ പരിശിലനം നൽകുന്നതിനായി പരിശീലന പരിപാടികൾ ആരംഭിക്കുക എന്നീ പദ്ധതികൾ 2013-14 വർഷത്തിൽ നടപ്പിലാക്കാൻ |

| | |
|---|---|
| | കഴിഞ്ഞില്ല. തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുക എന്ന പദ്ധതി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ 'തടവുകാരുടെ ക്ഷേമം' പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. |
| ഡി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഇവയ്ക്കായി തുക വകയിരുത്തുകയും അനുവദിക്കുകയും ചെയ്തിരുന്നോ; വ്യക്തമാക്കുമോ; | ഡി) 2014-15 ലെ തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി 35.40 ലക്ഷം രൂപ വകയിരുത്തുകയും ആയത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷത്തിലെ തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് 51.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| ഇ) 2013-14-ൽ പ്രഖ്യാപിച്ച് ഇനിയും ലക്ഷ്യത്തിലെത്താൻ കഴിയാത്ത പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ? | ഇ) 2013-14-ൽ പ്രഖ്യാപിച്ച, 16 ജയിലുകളിൽ ജലസംഭരണികൾ സ്ഥാപിക്കുക, എന്ന പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ